# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180/71, Kottapuram Road, Thrissur - 4**
**(Affiliated to C.I.T.U.No.K. 1128)**
**Email : ksfesacitusc@gmail.com, Web : www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**


## സർക്കുലർ 12 /2018

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 12-7-2018 (വ്യാഴം) രാവിലെ 11.30ന് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപമുള്ള ഹോട്ടൽ കെ.കെ. ഇന്റർനാഷണലിൽ വച്ച് ചേർന്നു. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**അനുശോചനം**

SDPI തീവ്രവാദികൾ കൊലപ്പെടുത്തിയ സ: അഭിമന്യു, നിപ്പാ വൈറസ് രോഗീപരിചരണത്തിൽ ജീവൻ നഷ്ടപ്പെട്ട സ്നേഹത്തിന്റെയും പരിത്യാഗത്തിന്റെയും മാലാഖ ശ്രീമതി ലിനി, തൂത്തുക്കുടി പോലീസ് വെടിവയ്പിൽ മരണപ്പെട്ടവർ, നിപാ വൈറസ് ബാധിച്ചും പനി വന്നും കാലവർഷക്കെടുതിയിലും ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ വിയോഗത്തിൽ സംസ്ഥാന കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. കാലവർഷക്കെടുതിയിൽപ്പെട്ട ജനങ്ങൾക്ക് ആശ്വാസ നടപടികളുമായി രംഗത്തിറങ്ങാൻ എല്ലാ ജീവനക്കാരോടും സംഘടന അഭ്യർത്ഥിക്കുന്നു.

"അഭിമന്യൂ.......... നാൻ പെറ്റ മകനേ... നാൻ പെറ്റ രാസാ.....എൻ കിളിയേ....എന്നെ വിട്ടു പോയിട്ടേയേ.........." എന്ന ഇടനെഞ്ച് പൊട്ടിയുള്ള അമ്മയുടെ സങ്കടക്കടൽ തിരയടിക്കുന്ന ശോകസാന്ദ്രമായ അന്തരീക്ഷത്തിലാണ് സംസ്ഥാന കമ്മിറ്റിയോഗം ചേർന്നത്. ഒരധ്യാപകന്റെ കൈവെട്ടി 'ചുളുവിൽ സ്വർഗ്ഗം നേടിയ' മതതീവ്രവാദികളാണ് ഒരു ദരിദ്ര കുടുംബത്തിന്റെയും നാടിന്റെയും പ്രതീക്ഷകളെ, കഠാരമുന നെഞ്ചിലേക്ക് കുത്തിയിറക്കി നിശ്ചലമാക്കിയത്. ആശയരംഗത്തെ നിപാ വൈറസിന്റെ പ്രചാരകരാണിവർ. വഴിയരികിൽ വെട്ടേറ്റ് മരിച്ചുകിടക്കുന്ന തെരുവുനായ്ക്കളെ കേരളീയർ കാണാൻ തുടങ്ങിയത് പോപ്പുലർ ഫ്രണ്ടിന്റെ വരവോടെയാണ്. മനുഷ്യനെ കൊല്ലാനുള്ള പരിശീലനം തെരുവു നായ്ക്കളിൽ നടത്തുന്ന സംഘടന. അവരുടെ രാഷ്ട്രീയരൂപമാണ് SDPI. ഇസ്ലാമിക തീവ്രവാദത്തിന്റെ ഈ കറുത്ത ശക്തികളാണ് അഭിമന്യുവിനെ കുത്തിക്കൊന്നത്. നെഞ്ചിൽ കഠാര കുത്തിയിറക്കിയാൽ പിന്നെ ഒരു നിമിഷംപോലും ജീവൻ ശേഷിക്കരുതെന്ന പോപ്പുലർ ഫ്രണ്ടിന്റെ പരിശീലന മികവാണ്, കുത്തേറ്റ് തൽക്ഷണം മരണപ്പെട്ട അഭിമന്യുവിലൂടെ ഇസ്ലാമിക് തീവ്രവാദികൾ യാഥാർത്ഥ്യമാക്കിയത്.

കളം നിറഞ്ഞാടിയ അഭിമന്യുവിന്റെ പുഞ്ചിരിക്കുന്ന രൂപം അടുത്തകാലത്തൊന്നും മലയാളിയുടെ മനസ്സിൽ നിന്ന് മായില്ല. ആ നിറപുഞ്ചിരിയുടെ ശോഭ കെടുത്താൻ മതഭ്രാന്തന്മാരേ നിങ്ങൾക്കാവില്ല. മതനിരപേക്ഷ കേരളത്തിൽ വർഗ്ഗീയതയുടെ വിത്തു മുളയ്ക്കാൻ അനുവദിക്കില്ല. മൺചിരാതിൽ അഭിമന്യു കൊളുത്തിയ കൈത്തിരി അഗ്നിസ്ഫുലിംഗമായി മാറും. അത് ആയിരം സൂര്യശോഭയോടെ അഗ്നിയായി പടർന്ന് മതഭ്രാന്തന്മാർക്ക് നേരെ വരും... വർഗ്ഗീയത തുലയട്ടെ.... എന്ന മുദ്രാവാക്യം ചെങ്കടലായി പടരും."ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും, സോദരത്വേന വാഴുന്ന മാതൃകാസ്ഥാനത്തെ" ഒരു പോറൽ പോലും ഏൽക്കാതെ സംരക്ഷിക്കാൻ എല്ലാവരും രംഗത്തിറങ്ങണമെന്ന് സംസ്ഥാന കമ്മിറ്റി ആഹ്വാനം ചെയ്യുന്നു. സ: അഭിമന്യുവിന്റെ കുടുംബാംഗങ്ങളുടെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ സംഘടന പങ്കുചേരുന്നു. സ: അഭിമന്യു എഴുതിവച്ച ''വർഗ്ഗീയത തുലയട്ടെ" എന്ന മുദ്രാവാക്യവുമായി മുന്നോട്ട് പോകുമെന്ന് സംസ്ഥാന കമ്മിറ്റി പ്രതിജ്ഞ ചെയ്തു.

**തീരുമാനങ്ങൾ**

**1. സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം**

സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം 2018 ജൂലൈ 28,29 തീയതികളിൽ സ: അനിലയുടെയും സ: മധുവിന്റെയും നാമധേയത്തിലുള്ള നഗറിൽ (ബെയ്ത് കൺവെൻഷൻ സെന്റർ, കളമശ്ശേരി, എറണാകുളം) ചേരുകയാണ്. സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് സ: എളമരം കരീം എം.പിയുടെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ: ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും. (സംഘടനയുടെ ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗമായിരുന്ന സ: അനില വാഹനാപകടത്തിലും കുറുമശ്ശേരി ശാഖയിലെ സ: മധു അസുഖം ബാധിച്ചുമാണ് നമ്മെ വിട്ടുപിരിഞ്ഞത്. രണ്ടുപേരും സംഘടനയുടെ സജീവ പ്രവർത്തകരും മുൻനിര സംഘാടകരുമായിരുന്നു.)

28-ാം തീയതി വൈകിട്ട് 4ന് "ചങ്ങാത്ത മുതലാളിത്തവും ഇന്ത്യൻ സമ്പദ് ഘടനയും" എന്ന വിഷയത്തിൽ സെമിനാർ നിശ്ചയിച്ചിട്ടുണ്ട്. സിഐടിയു ദേശീയ സെക്രട്ടറി സ: കെ. ചന്ദ്രൻപിള്ള സെമിനാർ ഉദ്ഘാടനം ചെയ്ത് വിഷയം അവതരിപ്പിക്കും. സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി സ. കെ.എൻ. ഗോപിനാഥ് മോഡറേറ്ററായിരിക്കും. കെ.എസ്.എഫ്.ഇ യിലെ സഹോദര സംഘടനകളുടെയും റിട്ടയേർഡ് ജീവനക്കാരുടെയും നേതാക്കൾ സെമിനാറിൽ പങ്കെടുക്കും. 29-ാം തീയതി വൈകിട്ട് 4.30ന് സമ്മേളനം അവസാനിക്കും. സമ്മേളനം ചരിത്രവിജയമാക്കുന്നതിന് എല്ലാ വിഭാഗം ജീവനക്കാരുടെയും ഏജന്റുമാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

സംസ്ഥാന സമ്മേളനം മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം നേടാനുള്ള പ്രവർത്തനറിപ്പോർട്ടിന് സംസ്ഥാന കമ്മിറ്റി രൂപം നൽകി. സംസ്ഥാന സമ്മേളന പ്രതിനിധികളുടെ യോഗം ജൂലൈ 22-ന് മുമ്പായി അതതു ജില്ലകളിൽ വിളിച്ചു ചേർക്കണം. ഈ യോഗത്തിൽ സംസ്ഥാന കമ്മിറ്റി അംഗീകരിച്ച പ്രവർത്തനറിപ്പോർട്ട് പൂർണ്ണമായി വായിച്ചവതരിപ്പിക്കണമെന്ന് തീരുമാനിച്ചു ചുമതലയുള്ള സംസ്ഥാന ഭാരവാഹി/സംസ്ഥാന കമ്മിറ്റിയംഗം ഈ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

സംസ്ഥാന സമ്മേളന ഫണ്ട് സംസ്ഥാന ട്രഷറർക്ക് കൈമാറാത്ത ജില്ലാ കമ്മിറ്റികൾ എത്രയും വേഗം ഫണ്ട് കൈമാറണമെന്ന് തീരുമാനിച്ചു. സംസ്ഥാന സമ്മേളനം പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദമായിരിക്കണമെന്നും ഫ്ളക്സ്, പ്ലാസ്റ്റിക് എന്നിവ പരിപൂർണ്ണമായി ഒഴിവാക്കണമെന്നും തീരുമാനിച്ചു.

**2. സ: അഭിമന്യു കുടുംബസഹായഫണ്ട്**

സ: അഭിമന്യുവിന്റെ കുടുംബത്തെ സംരക്ഷിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സ: അഭിമന്യു കുടുംബ സഹായ ഫണ്ടിലേക്ക് കെ.എസ്.എഫ്.ഇ ജീവനക്കാരിൽ നിന്നും ഒരു വിഹിതം ശേഖരിക്കാൻ തീരുമാനിച്ചു. കെ.എസ്.എഫ്.ഇയിലെ സ്ഥിരം/താത്ക്കാലിക ജീവനക്കാർ, ഏജന്റുമാർ, ഗോൾഡ് അപ്രൈസർമാർ എന്നിവരിൽ നിന്നാണ് തുക ശേഖരിക്കേണ്ടത്. ഒരാളിൽ നിന്നും 50 രൂപ ക്രമത്തിൽ ഫണ്ട് ശേഖരിക്കണം. ജൂലൈ 17നു ഫണ്ട് സമാഹരണം പൂർത്തിയാക്കി, ജൂലൈ 18-ന് തന്നെ തുക സംസ്ഥാന ട്രഷറർക്ക് കൈമാറണമെന്ന് തീരുമാനിച്ചു. സംസ്ഥാന സമ്മേളന വേദിയിൽ വച്ച് കുടുംബ സഹായ ഫണ്ട് ഇതിനായി രൂപീകരിച്ച അക്കൗണ്ടിലേക്ക് നൽകുന്നതാണ്.

**3. ആഗസ്റ്റ് 14-ന്റെ സാമൂഹിക ജാഗരൺ**

ആഗസ്റ്റ് 14-ന് രാജ്യ വ്യാപകമായി ഏരിയാ കേന്ദ്രങ്ങളിൽ വൈകിട്ട് 6 മുതൽ അർധരാത്രി 12 മണി വരെ സാമൂഹിക ജാഗരൺ പരിപാടി നടക്കുകയാണ്. രാജ്യത്തിന്റെ ഭരണഘടനയ്ക്കും മതനിരപേക്ഷതയ്ക്കും കനത്ത ആഘാതം സൃഷ്ടിക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾ തുറന്നുകാട്ടുന്നതിനും ജാതിമത ചിന്തകൾക്കതീതമായി ജനങ്ങളുടെ ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനും സ്വാതന്ത്ര്യദിന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനുമാണ് സാമൂഹിക ജാഗരൺ സംഘടിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പരിപാടിയിൽ നമ്മുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് തീരുമാനിച്ചു.

**4. സെപ്തംബർ 5 പാർലമെന്റ് മാർച്ച്**

കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ - കർഷക ദ്രോഹ - തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെയും ജനങ്ങളെ ഭിന്നിപ്പിക്കുന്ന വർഗ്ഗീയ ധ്രുവീകരണ നയത്തിനെതിരെയുമുള്ള പോരാട്ടത്തിന്റെ ഭാഗമായി സെപ്തംബർ 5ന് ലക്ഷക്കണക്കിന് തൊഴിലാളികളും ജീവനക്കാരും കർഷകരും കർഷകത്തൊഴിലാളികളും പാർലമെന്റിലേക്ക് മാർച്ച് ചെയ്യുകയാണ്. ഈ മാർച്ചിൽ നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് 125 പേർ പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

**5. പ്രവാസി ചിട്ടി ദുഷ്പ്രചരണങ്ങളിൽ പ്രതിഷേധം**

പ്രതീക്ഷിച്ചതിലും വലിയ സ്വീകാര്യതയാണ് പ്രവാസി ചിട്ടികൾക്ക് ഗൾഫ് മലയാളികളിൽ ഉണ്ടായിരിക്കുന്നത്. ചിട്ടി രജിസ്ട്രേഷൻ ഉദ്ഘാടനത്തിനുശേഷം ദിവസങ്ങൾക്കുള്ളിൽ ഒന്നരലക്ഷത്തോളം പ്രവാസികളാണ് ഇതിനു സന്നദ്ധത അറിയിച്ചത്. പ്രവാസി ചിട്ടി ഉദ്ഘാടന പ്രസംഗത്തിലും മറ്റും 'പ്രവാസി ചിട്ടി' യുടെ പിതൃത്വം ഏറ്റെടുക്കുകയും പ്രവാസി ചിട്ടിക്ക് ജനസ്വീകാര്യതയേറുമ്പോൾ തെറ്റിദ്ധാരണ ജനക ങ്ങളായ ആക്ഷേപങ്ങളുമായി രംഗത്ത് വരികയും ചെയ്യുന്ന പ്രതിപക്ഷ നേതാക്കളുടെ സമീപനം നിരാശാജനകമാണ്. കേരളത്തിന്റെയും കെ.എസ്.എഫ്.ഇ.യുടെയും സമഗ്രവികസനം ലക്ഷ്യം വയ്ക്കുന്ന പ്രവാസി ചിട്ടിയെ സംബന്ധിച്ച് ജനങ്ങളിൽ ആശങ്കയുണ്ടാക്കുന്ന രാഷ്ട്രീയപ്രേരിത ആരോപണങ്ങൾ ഒഴിവാക്കി, ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി സംരംഭത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനം ബഹു. പ്രതിപക്ഷ നേതാക്കളിൽ നിന്നുണ്ടാകണമെന്ന് സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

തിരുവനന്തപുരം
19/07/2018